LIBRARY ARCHIVES Kerala Legislative Assembly

യു.പി.എസ്.എ. തസ്തികയിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ

187 (936) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽനിന്നും 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ, വിരമിക്കൽ തീയതി, ഇപ്പോൾ അവർ ജോലി നോക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

എൽ.പി.എസ്.ടി. തസ്തികയിലെ നിയമനം

188 (937) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിലെ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; സ്കൂൾ തിരിച്ച് വിവരങ്ങൾ വിശദമാക്കാമോ?

178 ഒഴിവുകൾ . ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ ഒഴിവുകൾ എപ്രകാരം നിയമനം നടത്തുന്നതിനാണ് മാറ്റി വച്ചിരിക്കുന്നതെന്നറിയിക്കുമോ?

ആകെ ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനും ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ 5 ശതമാനം കണക്കാക്കി ആയതിൽ കേഡർ നില അനുസരിച്ച് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായും നീക്കിവക്കേണ്ടതായിട്ടുണ്ട്. കൂടാതെ പി.എസ്.സി. വഴി നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവരുടെ 50 ഒഴിവുകളും നിയമന ശിപാർശ നൽകിയിട്ട് നിയമന ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയാത്ത 93 ഒഴിവുകളും 178 ഒഴിവുകളിൽ ഉൾപ്പെടുന്നുണ്ട്.

(സി)2021 കലണ്ടർ വർഷം എത്ര അദ്ധ്യാപകർ ഈ തസ്തികയിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ഇങ്ങനെയുണ്ടായ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും അറിയിക്കുമോ; ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 അദ്ധ്യയന വർഷം ടി തസ്തികയിൽ നിന്നും 45 അദ്ധ്യാപകർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട 28 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഈ തസ്തികയിൽ എത്ര അദ്ധ്യാപകർ ശൂന്യവേതന അവധിയിലും അന്യത്ര സേവനവ്യവസ്ഥയിലും ഉൾപ്പെട്ടിട്ടുണ്ടെന്നും തന്മൂലം ഈ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള അദ്ധ്യാപകരില്ല. ശൂന്യവേത നാവധിയിലുള്ള 5 അദ്ധ്യാപകരുടെ ഒഴിവുകളിൽ 4 ഒഴിവുകളിലേയ്ക്ക് പിഎസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്.

അദ്ധ്യാപകരുടെ നിയമനം

189 (938) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെയും മറ്റ് അദ്ധ്യാപകരുടെയും ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൈമറി പ്രഥമാധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപക നിയമനം നടക്കാത്തതുമൂലം ഓൺലൈൻ പഠന പ്രവർ ത്തനങ്ങൾ മുടങ്ങുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസുകൾ അദ്ധ്യാപക നിയമനം നടക്കാത്തതുമൂലം മുടങ്ങിയിട്ടില്ല. ഓൺലൈൻ ക്ലാസ്സുകൾ ഘട്ടംഘട്ടമായി നടപ്പിലാ ക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) പ്രധാന അദ്ധ്യാപകർ വിരമിച്ച ഒഴിവുകൾ നികത്തുവാനും ഭരണപരമായ പ്രതിസന്ധികൾ പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly